# ചന്ദ്രിക



# വിശുദ്ധിയുടെ നിത്യവിസ്മയം

കേരളത്തിലെ ഏറ്റവും തിരക്കുള്ള വ്യക്തി? കൃത്യമായി ഉത്തരം പറയാൻ വിഷമം. പക്ഷേ, ഏറ്റവും തിരക്കേറിയ വ്യക്തികളിലൊരാൾ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്നെയായിരിക്കും. മന്ത്രിയോ, എം.എൽ.എ.യോ പഞ്ചായത്ത് മെമ്പറോ പോലുമല്ല തങ്ങൾ. പക്ഷേ, മന്ത്രിമാരേക്കാൾ തിരക്ക്. മത-രാഷ്ട്രീയ-സാംസ്കാരിക സമ്മേളനങ്ങൾ, തറക്കല്ലിടൽ, ഉൽഘാടന കർമ്മങ്ങൾ, വിവാഹച്ചടങ്ങുകൾ, ഒത്തുതീർപ്പുകൾ.... സംസ്ഥാന മുസ്ലിം ലീഗ് പ്രസിഡണ്ടിൻെറ തിരക്കുപിടിച്ച ജീവിതത്തിനു അകമ്പടിയായി എത്രയെത്ര ചടങ്ങുകൾ. ലോകത്ത് ഏറ്റവും കൂടുതൽ ഉൽഘാടന കർമ്മങ്ങൾ നടത്തിയ ഒരു വ്യക്തിയുടെ പേര് ഗിന്നസ് ബുക്കിൽ രേഖപ്പെടുത്താമെങ്കിൽ അത് ശിഹാബ് തങ്ങളുടേതായിരിക്കും. മതസ്ഥാപനങ്ങൾക്ക് തറക്കല്ലിടുന്നതിനാവട്ടെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയോ വ്യാപാരസ്ഥാപനങ്ങളുടെയോ ഉൽഘാടനച്ചടങ്ങുകളാവട്ടെ, വിവാഹമോ ഗൃഹപ്രവേശമോ ആകട്ടെ, സമ്മേളനങ്ങളോ സെമിനാറുകളോ എന്തുമാകട്ടെ, എല്ലാത്തിലും തങ്ങളുടെ സാന്നിധ്യം വേണമെന്ന് ആളുകൾക്ക് നിർബന്ധം. ഏറ്റെടുക്കാവുന്നതിൻെറ പരമാവധി അദ്ദേഹം സന്തോഷത്തോടെ ഏറ്റെടുക്കുന്നു. വരാമെന്നേറ്റ ചടങ്ങിന് കൃത്യമായി എത്തിച്ചേരുന്നു. അതുകൊണ്ടുതന്നെ വിശ്രമമെന്തെന്നറിയാൻ സമയംകിട്ടാതെ പോകുന്നു. ഈ തിരക്കിൻെറ നിമിഷങ്ങളിലൊന്നിൽ ചന്ദ്രിക വാരികയ്ക്കുവേണ്ടി ഒരു അഭിമുഖത്തിനു സമയം ചോദിക്കുമ്പോൾ തങ്ങൾ സ്നേഹപൂർവ്വം ഒഴിഞ്ഞുമാറുന്നു. വാർത്തകളിൽ നിറഞ്ഞുനിൽക്കാനുള്ള വൈമനസ്യം തന്നെയാവാം ഈ തിരസ്ക്കാരത്തിനു കാരണം. ഒടുവിൽ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു മുന്നിൽ ഫോണിൻെറ അങ്ങേത്തലക്കൽ തങ്ങളുടെ സൗമ്യമായ പതിഞ്ഞസ്വരം: "ശരി, നാളെ രാവിലെ പത്തുമണിക്ക്."



ഫോട്ടോ: ടി.പി. മരക്കാർകുട്ടി

## സന്ദർശകരുടെ നിര

പിറ്റേന്നുകാലത്ത് ഒമ്പതരമണിക്ക് പാണക്കാട്ടെത്തുമ്പോൾ കൊടപ്പനക്കൽ വീട്ടിൽ സന്ദർശകരുടെ തിരക്ക്. കോലായിലും വിസിറ്റേഴ്സ് റൂമിലും വിശാലമായ മുറ്റത്തുമൊക്കെ ആൾക്കൂട്ടം. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയവർ. വിവിധ ജാതി-മതസ്ഥർ. കേരളീയരെ സംബന്ധിച്ചേടത്തോളം ശിഹാബ് തങ്ങൾ വെറുമൊരു രാഷ്ട്രീയ നേതാവ് മാത്രമല്ലല്ലോ. സർവ്വാദരണീയനായ മതനേതാവും സാംസ്കാരിക നായകനുമൊക്കെയാണദ്ദേഹം. എണ്ണമറ്റ പള്ളികളുടെ ഖാസി. ഒട്ടേറെ യതീംഖാനാ കമ്മിറ്റികളുടെയും മദ്രസാ കമ്മിറ്റികളുടേയും ഭാരവാഹി. അതുകൊണ്ടുതന്നെ തങ്ങളെ തേടിയെത്തുന്ന സന്ദർശകരുടെ വൈവിധ്യവും വൈപുല്യവുമേറും. ചിലപ്പോഴത് അതിസങ്കീർണ്ണമായ രാഷ്ട്രീയക്കുരുക്കുകളഴിക്കാനായിരിക്കും. മറ്റു ചിലപ്പോൾ പോലീസിനും കോടതിക്കുമൊന്നും തീർക്കാനാവാത്ത കേസ്സുകൾ തീർപ്പാക്കാനാവും. അതുമല്ലെങ്കിൽ ഏതെങ്കിലും കാര്യത്തിൽ തങ്ങളുടെ ഉപദേശം തേടാൻ. എന്തായാലും കൊടപ്പനക്കൽ വീട്ടിൽ എപ്പോഴും ഈ ആൾക്കൂട്ടമുണ്ടാവും. അവർക്കിടയിൽ ഹൃദയംനിറഞ്ഞ പുഞ്ചിരിയോടെ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും.

സമയം ഒമ്പതര. സന്ദർശകരുടെ ഈ തിരക്കവസാനിക്കണമെങ്കിൽ ചുരുങ്ങിയത് വൈകുന്നേരമെങ്കിലുമാകും. ഇന്നിനി അഭിമുഖം നടക്കുകയില്ലെന്നുതന്നെ തോന്നി. ആൾക്കൂട്ടത്തിനിടയിൽനിന്ന് മുഖം തിരിച്ചറിഞ്ഞപ്പോൾ തങ്ങളുടെ സൗമ്യമായ സ്വരം: "വരൂ അകത്തിരിക്കാം." അകത്തെ മുറിയിലിരുന്നു. തങ്ങൾ വീണ്ടും പുറത്ത് കോലായിൽ തിരക്കിൻെറ ലോകത്ത്.

## കൗതുക വസ്തുക്കളോട് കമ്പം

അകത്തെ മുറിയിലെ ഷോക്കേസ് നിറയെ എണ്ണമറ്റ കൗ

ഷോക്കേസിലെ വിപുലമായ ശേഖരത്തിൽ പല വലിപ്പത്തിലും രൂപത്തിലും ഫാഷനിലുമുള്ള ക്ലോക്കുകൾ. അവയുടെ സമയ സൂചി പത്തുമണിയായെന്നു കാണിച്ചു.

### വിനയത്തിൻെറ നിറകുടം

കൃത്യം പത്തുമണി. വാതിൽ തുറക്കുന്ന ശബ്ദം. ശിഹാബ് തങ്ങൾ കടന്നുവരുന്നു. പുറത്തെ തിരക്കും ആൾക്കൂട്ടവും അൽപ്പം കൂടിയിട്ടുണ്ട്. എന്നിട്ടും സമയത്തിൻെറ കൃത്യത പാലിക്കാനെത്തിയതാണ് തങ്ങൾ. തങ്ങൾ തന്നെ അകത്തുപോയി ഒരു കപ്പു ചായയും ഒരു കൊച്ചുപ്ലേറ്റിൽ പലഹാരവുമായി വരുന്നു. 'കഴിക്കൂ' തങ്ങളുടെ പതിഞ്ഞ സ്വരം. ഒരു പഞ്ചായത്തു മെമ്പർ പോലുമില്ലാത്ത പാർട്ടികളുടെ ഭാരവാഹികൾ കരിമ്പൂച്ചകളും സെക്യൂരിറ്റികളും അകമ്പടിക്കാരുമൊക്കെയായി പൊതുജനങ്ങളെ വിറപ്പിക്കുന്ന വർത്തമാന കാലഘട്ടത്തിൽ കേരള നിയമസഭയിൽ പത്തൊമ്പത് എം.എൽ.എ.മാരും അവരിൽ ക്യാബിനറ്റിലെ സെക്കൻെറ് റാങ്കുള്ള വ്യവസായ വകുപ്പുമന്ത്രിയടക്കം നാലുമന്ത്രിമാരും ഒരു ഗവർമ്മെണ്ട് ചീഫ് വിപ്പുമുള്ള പാർട്ടിയുടെ സംസ്ഥാന പ്രസിഡണ്ട് ഇതാ വിനയത്തിൻെറ നിറകുടംപോലെ മുന്നിൽ.

### ചൊവ്വാഴ്ചകളിലെ തിരക്ക്

ഏറനാടൻ കർഷകരുടെ ആത്മാവ് തൊട്ടറിഞ്ഞ രാഷ്ട്രീയാചാര്യൻ. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. തങ്ങളെ കാണാനും പ്രശ്നങ്ങൾ അവതരിപ്പിക്കാനും ഉപചാരത്തിൻെറ മതിൽക്കെട്ട് ചാടിക്കടക്കേണ്ടതില്ല. ആർക്കും ഏതുസമയവും തങ്ങളെ സമീപിക്കാം. സന്ദർശകർക്കായി പ്രത്യേക സമയമൊന്നും നീക്കിവെച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഏതു സമയത്തും ആളുകൾ കടന്നുവരാം. പരാതികളും പരിദേവനങ്ങളുമായി എത്തുന്നവർ. തർക്കങ്ങൾക്ക് പരിഹാരംതേടി വരുന്നവർ. സഹായാഭ്യർത്ഥനകളുമായി മറ്റുചിലർ. തങ്ങളുടെ ഉപദേശനിർദ്ദേശങ്ങൾക്കു കാതോർത്തു വെറേ ചിലർ. കാലത്തുമുതൽ ആരംഭിക്കുന്ന ഈ തിരക്കൊഴിയാൻ പലപ്പോഴും രാത്രിയാവും. പരാതികൾക്കും തർക്കങ്ങൾക്കുമൊക്കെ പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനിടയിൽ സമയം പോകുന്നത് ശ്രദ്ധിക്കാറില്ല. ഉച്ചഭക്ഷണം കഴിക്കുന്നത് പലപ്പോഴും വൈകുന്നേരമാവും. ഇടയ്ക്ക് നമസ്ക്കാരസമയങ്ങളിൽ മാത്രമാണ് എഴുന്നേൽക്കുക. സന്ദർശകർക്ക് സമയം നിശ്ചയിക്കാൻ തങ്ങളെപ്പോലൊരാൾക്ക് കഴിയില്ലല്ലോ. സന്ദർശകരുടെ വൈപുല്യവും വൈവിധ്യവും അത്രയേറെയുണ്ടാവും. സാധാരണ

ദിവസങ്ങളിൽ മറ്റു പരിപാടികൾക്ക് പോകാറുണ്ടെങ്കിലും ചൊവ്വാഴ്ചകളിൽ തങ്ങൾ പുറത്തെങ്ങും പോകാറില്ല. അതുകൊണ്ടുതന്നെ അന്ന് സന്ദർശകരുടെ തിരക്ക് ഒന്നുകൂടി വർദ്ധിക്കും.

### കുടുംബപശ്ചാത്തലം


കേരള മുസ്ലിംകളുടെ മനസ്സിൻെറ മാണിക്ക്യക്കൊട്ടാരത്തിലെ ചക്രവർത്തിപദമലങ്കരിക്കുന്ന മഹാനായ പാണക്കാട് പി.എം.എസ്.എ. പൂക്കോയതങ്ങളുടെയും ചെറുകുഞ്ഞിബീവിയുടെയും പുത്രനായാണ് ശിഹാബ് തങ്ങളുടെ ജനനം. 1936 മെയ് 4-ന്. അഞ്ച് ആൺമക്കളും രണ്ട് പെൺമക്കളുമടക്കം പൂക്കോയതങ്ങൾക്ക് ഏഴുമക്കൾ. ശിഹാബ് തങ്ങളെ കൂടാതെ ഉമറലി ശിഹാബ് തങ്ങൾ, ഹൈദരലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ.

ഹൈദരലി ശിഹാബ് തങ്ങൾ മലപ്പുറം ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട്, ഉമറലി ശിഹാബ് തങ്ങൾ എസ്.വൈ.എസിൻെറ സംസ്ഥാന പ്രസിഡണ്ട്, സാദിഖലി ശിഹാബ് തങ്ങൾ എസ്.കെ.എസ്.എസ്.എഫ്. സംസ്ഥാന പ്രസിഡണ്ട്. ഇത് മറ്റൊരു റിക്കാർഡ് ആകുമോ?

ഫസ്റ്റ്ഫോം മുതൽ എസ്.എസ്.എൽ.സി. വരെയുള്ള തങ്ങളുടെ വിദ്യാഭ്യാസം കോഴിക്കോട്ടെ എം.എം. ഹൈസ്കൂളിൽ (മദ്രസത്തുൽ മുഹമ്മദീയ) ആയിരുന്നു. 1953-ൽ എസ്.എസ്.എൽ.സി. പാസ്സായി. മലബാറിലെ മുസ്ലിംകളുടെ ആധുനിക വിദ്യാഭ്യാസ പുരോഗതിയിൽ വിപ്ലവാത്മകമായ പരിവർത്തനം കാഴ്ചവെച്ച മദ്രസത്തുൽ മുഹമ്മദീയയിൽ സ്കൂൾ പഠനത്തിനവസരം ലഭിച്ചത് ജീവിതത്തിലെ മഹാഭാഗ്യങ്ങളിലൊന്നായി തങ്ങൾ ഇന്നും കരുതുന്നു. കോഴിക്കോട് എം.എം. ഹൈസ്കൂളിലെ മൂന്നാമത്തെ എസ്.എസ്.എൽ.സി. ബാച്ച് ആയിരുന്നു തങ്ങളുടേത്. 1950-ലാണ് ആദ്യമായി എം.എം. ഹൈസ്കൂൾ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. എസ്.എസ്.എൽ.സി. പാസ്സായശേഷം നാലുവർഷത്തോളം ദറസ് പഠനം. മലപ്പുറം ജില്ലയിൽ തിരൂരിനടുത്ത തലക്കടത്തൂർ, രണ്ടത്താണിക്കടുത്ത കാനാഞ്ചേരി എന്നിവിടങ്ങളിലായിരുന്നു ദറസ്.

### വിദ്യാഭ്യാസം

1958-ലാണ് ഈജിപ്തിലെ ലോകപ്രശസ്തമായ അൽഅസ്ഹർ യൂണിവേഴ്സിറ്റിയിലേക്ക് ഉപരിപഠനാർത്ഥം ശിഹാബ് തങ്ങൾ പോകുന്നത്. അറബിഭാഷയും സാഹിത്യവുമൊക്കെ പഠിക്കാനുള്ള അദമ്യമായ ആഗ്രഹം തന്നെയാണ് തങ്ങളെ അൽഅസ്ഹറിലെത്തിച്ചത്. ദറസ് പഠനം കഴിഞ്ഞുനിൽക്കുന്ന കാലത്ത് ഈജിപ്തിലെ വലിയൊരു സാംസ്കാരിക സംഘടനയായ ഇസ്ലാമിക് കോൺഗ്രസിൻെറ രണ്ടുപ്രതിനിധികൾ കേരളത്തിൽ വന്നിരുന്നു. അവരിൽ നിന്ന് യൂണിവേഴ്സിറ്റിയെക്കുറിച്ചും അവിടത്തെ കോഴ്സുകളെക്കുറിച്ചുമൊക്കെ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞതോടെ ആഗ്രഹം ഇരട്ടിച്ചു. ഉപ്പാക്കും സമ്മതമായിരുന്നു അൽഅസ്ഹറിൽ പോകുന്നത്. കുറെക്കാലത്തേക്ക് മകനെ വിട്ടുനിൽക്കേണ്ടിവരുമല്ലോ എന്ന ദുഃഖം മാത്രമായിരുന്നു പൂക്കോയ തങ്ങൾക്ക്. സ്കോളർഷിപ്പോടെയായിരുന്നു അൽഅസ്ഹറിലെ പഠനം. അൽഅസ്ഹറിലെ



പഠനത്തിനുശേഷം കെയ്റോ യൂണിവേഴ്സിറ്റിയിലെ ഫ്ാക്കൽറ്റി ഓഫ് അറബിക് ഡിപ്പാർട്ട്മെൻറിൽ ചേർന്നു. 1966-ൽ കെയ്റോ യൂണിവേഴ്സിറ്റിയിൽ നിന്ന് 'ലിസാൻസ്' ബിരുദം നേടി.

### ഈജിപ്തിലെ പഠനം

ഈജിപ്തിലെ ജീവിതം ഒരിക്കലും മറക്കാനാവാത്ത അനുഭവമായി ഇന്നും മനസ്സിലുണ്ട്. പൗരാണിക സംസ്കാരങ്ങളുടെ ബാക്കിപത്രങ്ങൾ അവശേഷിപ്പിക്കുന്ന മരുഭൂവിലെ എന്തെന്തു ദൃശ്യങ്ങൾ. സഹസ്രാബ്ദങ്ങൾക്ക് മായ്ക്കാനാവാത്ത ചരി

അഭിമുഖം

ത്രാവശിഷ്ടങ്ങൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള മൃതശരീരങ്ങൾ ഇന്നും കേടുകൂടാതെ സൂക്ഷിക്കുന്ന 'മമ്മികൾ', പിരമിഡുകൾ, ഭൂമിക്കടിയിലെ നിലവറകളിൽ സൂക്ഷിച്ചിട്ടുള്ള മൃതശരീരങ്ങൾ.... നിലവറകളിലെ പാറകൊത്തിയുണ്ടാക്കിയ ചുമരുകൾക്ക് ഇപ്പോഴും സ്വർണ്ണത്തിൻെറ തിളക്കം. മൃതശരീരം ചക്രവർത്തിയുടേതാണെങ്കിൽ ഒപ്പം സൈനികരുടെ മൃതശരീരങ്ങളും അടക്കം ചെയ്യുന്ന ഫറവോമാരുടെ ആചാരരീതികൾ. മരിച്ചുപോയ പരേതന് 'ഉപയോഗിക്കാനുള്ള' ആയുധങ്ങളും സ്വർണ്ണവും ധാന്യങ്ങളും മാംസവുമൊക്കെ ഇന്നും കേടുകൂടാതെ ഇരിക്കുന്നു. ധാന്യങ്ങളും വറുത്തെടുത്ത മാംസവുമൊക്കെ കൈകൊണ്ട് തൊട്ടുപോയാൽ പൊടിഞ്ഞുപോകുമെന്നു മാത്രം. അയ്യായിരം വർഷങ്ങൾക്കു മുമ്പത്തെ മാനവചരിത്രം വിളിച്ചോതുന്ന നിരവധി മ്യൂസിയങ്ങളുണ്ട് ഈജിപ്തിൽ. മനസ്സിൽ നിന്ന് ഒരിയ്ക്കലും മാഞ്ഞുപോകാത്ത വർണ്ണഭംഗിയാർന്ന പ്രകൃതി ദൃശ്യങ്ങളും.

രാഷ്ട്രീയ രംഗം ശിഹാബ് തങ്ങളുടെ സ്വപ്നമായിരുന്നില്ല. അക്കാഡമിക് തലത്തിൽ ഉയരണമെന്നായിരുന്നു ആഗ്രഹം. ചരിത്ര പ്രസിദ്ധമായ അൽഅസ്ഹർ യൂണിവേഴ്സിറ്റിയിൽ തന്നെ അദ്ധ്യാപകനാവാമായിരുന്നു തങ്ങൾക്ക്. അതിനുള്ള സാഹചര്യങ്ങൾ ഒത്തുവന്നതായിരുന്നു. അക്കാലത്ത് പതിനായിരം രൂപയോളം ശമ്പളം കിട്ടാവുന്ന ജോലി. അൽഅസ്ഹറിലെ അധ്യാപകനായിരുന്ന അസ്ഹരി തങ്ങൾ അക്കാര്യം



പൂക്കോയ തങ്ങൾക്ക് എഴുതി. കോയമോന് (ശിഹാബ് തങ്ങളെ വീട്ടിൽ വിളിക്കുന്ന ഓമനപ്പേര്) ഇവിടെ ജോലി ശരിയാവും. തങ്ങളുടെ അഭിപ്രായം അറിയിക്കുക. സാധാരണ ഒരു കത്തുവന്നാൽ അന്ന് തന്നെ മറുപടി എഴുതുന്ന പ്രകൃതമാണ് തങ്ങളുടേത്. പക്ഷേ, ഈ കത്തിന് മറുപടി അയച്ചില്ല. ഒടുവിൽ അസ്ഹരി തങ്ങൾ പൂക്കോയതങ്ങളുടെ വിശ്വസ്തനായിരുന്ന പാണക്കാട് അഹമ്മദ് ഹാജിയെ വിവരമറിയിച്ചു. അഹമ്മദ് ഹാജി പൂക്കോയ തങ്ങളോട് കാരണം ചോദിച്ചു. "കോയമോന് ഇത്രയും വലിയ ജോലി ശരിയായിട്ടും എന്തുകൊണ്ടാണ് അങ്ങ് അനുകൂലമായൊരു തീരുമാനമെടുക്കാഞ്ഞത്?" പൂക്കോയ തങ്ങൾ അൽപ്പനേരം മൗനത്തിലാണ്ടു: "ഇത്രയും വലിയ ശമ്പളമുള്ള ജോലി കോയമോനു വേണോ?" തങ്ങൾ ചോദിച്ചു. "നമുക്ക് കോയമോൻെറ പണം വേണ്ട. കോയമോനെ മതി." പൂക്കോയ തങ്ങൾ പറഞ്ഞു. മകനെ വിട്ടുപിരിഞ്ഞു നിൽക്കുന്നത് സ്നേഹധനനായ ആ പിതാവിന് താങ്ങാനാവുമായിരുന്നില്ല. അതായിരുന്നു സത്യത്തിൽ കാരണം: "പഠനം കഴിഞ്ഞ് ജിദ്ദ വഴിയാണ് ഞാൻ മടങ്ങിയത്. അവിടെ നല്ലൊരു ജോലി തരപ്പെടുമായിരുന്നു. ശ്രമിച്ചതുമാണ്. പക്ഷേ, ഉപ്പാക്ക് സമ്മതമില്ലായിരുന്നു. നാട്ടിൽ കൂടിയാൽ മതിയെന്നായിരുന്നു അഭിപ്രായം." ശിഹാബ് തങ്ങൾ ഓർക്കുന്നു.

## ഒരു നായകൻെറ പിറവി

ഒരുപക്ഷേ, അന്ന് പൂക്കോയ തങ്ങൾ സമ്മതിച്ചിരുന്നുവെങ്കിൽ ഇന്ന് അൽഅസ്ഹർ യൂണിവേഴ്സിറ്റിക്ക് പ്രൊഫ. മുഹമ്മദലി ശിഹാബ് എന്ന പ്രഗത്ഭനായൊരു അധ്യാപകനെ ലഭിക്കുമായിരുന്നു. പക്ഷേ, പൂക്കോയ തങ്ങളുടെ വിമുഖത കാരണം ഇന്ത്യയിലെ മുസ്ലിംകളടക്കമുള്ള, അടിച്ചമർത്തപ്പെട്ട അവഗണിക്കപ്പെട്ട ജനകോടികൾക്ക് ലഭിച്ചത് കരുത്തനായൊരു നായകനെയാണ്. പൂക്കോയതങ്ങളുടെ ആകസ്മിക നിര്യാണം സമുദായത്തിൻെറ രാഷ്ട്രീയ സംഘശക്തിക്കുമുന്നിൽ 'ഇനിയാര്?' എന്ന വലിയൊരു ചോദ്യചിഹ്നമായി ഉയർന്നുനിന്നപ്പോൾ സമുദായം പ്രതീക്ഷയോടെ ഉറ്റുനോക്കിയത് സൗമ്യനായ ഈ ചെറുപ്പക്കാരനെ. ഭീമമായൊരു ഉത്തരവാദിത്തം അവിചാരിതമായി ഏറ്റെടുക്കേണ്ടിവന്നപ്പോൾ അതിൻെറ വ്യാപ്തി ഉൾക്കൊള്ളാൻ ഹൃദയത്തിനാവാതെ വന്നപ്പോൾ മുറിയിൽ കയറി കതകടച്ച് വിതുമ്പിക്കരയാൻ മാത്രമേ അന്നു കഴിഞ്ഞുള്ളു. എന്നാൽ ഇന്ത്യാ രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷ സമുദായത്തെ നയിക്കാൻ പിതാവ് കാണിച്ചുതന്ന മാർഗ്ഗം, സമാധാനത്തിൻെറയും ജനാധിപത്യത്തിൻെറയും മതേതരത്വത്തിൻെറയും മൂല്യങ്ങളിലധിഷ്ഠിതമായ മാർഗ്ഗം, ഉൾക്കരുത്തും ആത്മവിശ്വാസവുമേകി. മുസ്ലിംലീഗ്, അതിൻെറ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോന്നപ്പോഴും അവയെല്ലാം വിജയകരമായി തരണം ചെയ്യാൻ ശിഹാബ് തങ്ങൾക്കു കരുത്തുപകരുന്നതും പിതാവ് തെളിച്ചുകാട്ടിയ മാർഗ്ഗദീപം തന്നെ.

## ക്ഷമയുടെ പ്രതീകം

സൗമ്യതയാണ് ഈ രാഷ്ട്രീയ നേതാവിൻെറ മുഖമുദ്ര. വികാരത്തേക്കാൾ വിവേകത്തിനു പ്രാമുഖ്യം നൽകുന്നതുകൊണ്ടുതന്നെ പ്രതികരണത്തിൽ ശിഹാബ് തങ്ങൾ പിശുക്കുകാണിക്കാറുണ്ടെന്ന് പലരും വിമർശിക്കാറുണ്ട്. സമീപകാലത്തു മുസ്ലിം സമുദായം നേരിട്ട വേദനാജനകമായ സംഭവങ്ങളിൽ സാധാരണക്കാരൻെറ തീവ്രവികാരങ്ങളെ മുതലെടുത്ത് ഭൂരിപക്ഷത്തിൻെറനേരെ ആയുധമെടുക്കാൻ പലരും ആഹ്വാനം ചെയ്തപ്പോഴും 'അന്യമതസമുദായത്തിൻെറ ആരാദ്ധ്യവസ്തുക്കളെ നിന്ദിക്കുന്നത് നിൻെറ നാഥനെ നിന്ദിക്കുന്നതിന് തുല്യമാണ്. ക്ഷമിക്കുക. ക്ഷമാശീലരോടൊപ്പമാണ് അല്ലാഹു' എന്നർത്ഥം വരുന്ന വിശുദ്ധ വചനം ഓർമ്മിപ്പിച്ചുകൊണ്ട് ഇസ്ലാം വിഭാവനം ചെയ്യുന്ന ശാന്തിയുടെയും സമാധാനത്തിൻെറയും സൗഹാർദ്ദത്തിൻെറയും പാതയിലൂടെ സമുദായത്തെ നയിക്കാനാണ് സമാധാനത്തിൻെറ സന്ദേശവാഹകനായ ഈ രാഷ്ട്രീയ നേതാവ് തുനിഞ്ഞത്. ശിഹാബ് തങ്ങളുടെ വാചാലമായ മൗനത്തെ ഭീരുത്വമെന്നു വിളിക്കാൻ അന്ന് ഏറെപ്പേരുണ്ടായിരുന്നു.

എന്നാൽ സൗമ്യനായ ഈ മനുഷ്യൻെറ ആത്മധൈര്യത്തിൻെറ ആഴമളക്കാൻ കേരള രാഷ്ട്രീയത്തിനു പലപ്പോഴും അവസരമുണ്ടായിട്ടുണ്ട്. അതിലൊന്നായിരുന്നു പൂന്തുറ കലാപത്തിൻെറ കറുത്ത ദിനങ്ങൾ. ശിഹാബ് തങ്ങളുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളിൽ ഒന്ന്. മനസ്സിൽ ഇന്നും വേദനയുടെ അലകളുണർത്തുന്ന അനുഭവം. വർഗ്ഗീയ വിദ്വേഷം ഫണം വിടർത്തിയാടിയ കലാപഭൂമിയിൽ സമാധാനത്തിൻെറ മന്ത്രണങ്ങളുമായി നടന്നുനീങ്ങുമ്പോൾ ചുറ്റുംകണ്ട ദൈന്യതയാർന്ന മുഖങ്ങൾ ഇന്നും മനസ്സിലുണ്ട്. ആ മുഖങ്ങളിൽ

അഭിമുഖം


നിന്നു വായിച്ചെടുത്ത വേദനയുടെ കഥകൾ.... അവ മനസ്സിൽ സൃഷ്ടിച്ച ഉണങ്ങാത്ത മുറിവുകൾ ഇന്നും നീറിപ്പിടിച്ചു നിൽക്കുന്നു.

## മതസൗഹാർദ്ദത്തിൻെറ സന്ദേശവാഹകൻ

പൂന്തുറ കത്തിയെരിയുന്ന ദിനങ്ങൾ. കേരളം കണ്ട ഏറ്റവും വലിയ വർഗ്ഗീയ കലാപത്തിന് തലസ്ഥാന നഗരി സാക്ഷിയാകേണ്ടിവരുമെന്ന് സകലരും ഭയപ്പെട്ട കറുത്ത ദിനങ്ങൾ. വർഗ്ഗീയ ലഹള കാട്ടുതീപോലെ പടർന്നുപിടിക്കുകയാണ്. കലാപം അമർച്ചചെയ്യാൻ പട്ടാളവ്യൂഹത്തെവരെ വിളിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായി. എന്തും സംഭവിക്കാവുന്ന നിമിഷങ്ങൾ. നിരപരാധികളായ സാധാരണജനങ്ങൾ ജാതി-മത-കക്ഷിഭേദമെന്യേ ജീവൻ നിലനിർത്താനും സമാധാനം കൈവരാനുമായി പ്രാർത്ഥിക്കുന്നു. വർഗ്ഗീയ ഭ്രാന്തന്മാരുടെ അട്ടഹാസങ്ങളും അക്രമത്തിനിരയായ പാവങ്ങളുടെ ദീനവിലാപവും പോലീസ് ബൂട്ടുകളുടെ കനത്ത ശബ്ദവുംകൊണ്ട് ആ കടലോരപ്രദേശം മുഖരിതമായി. ഇരുട്ടിൻെറ മറവിൽ ഫാസിസ്റ്റ്-വർഗ്ഗീയ കോമരങ്ങളും തീവ്രവാദികളും പരസ്പരം തീവെക്കുമ്പോൾ അതിൽ കത്തിയമരുന്നത് നിരപരാധികളായ ആളുകളുടെ സമ്പാദ്യങ്ങളും സ്വപ്നങ്ങളുമായിരുന്നു. പോലീസിൻെറ ആജ്ഞയുടെ ഭാഷയല്ലാതെ സാന്ത്വനത്തിൻെറ മന്ത്രമുരുവിടാൻ ഒരാളെത്തേടി എല്ലാ കണ്ണുകളുമലയുമ്പോൾ, ഇന്ത്യയുടെ തലസ്ഥാനനഗരിയായ ഡൽഹിയിൽനിന്ന് കോഴിക്കോട്ടേക്കുള്ള യാത്രമാറ്റിവെച്ച്, കേരളക്കര കത്തിയെരിഞ്ഞപ്പോഴൊക്കെ സമാധാനത്തിൻെറയും സൗഹാർദ്ദത്തിൻെറയും ശാന്തിമന്ത്രങ്ങളുമായി ഒരു ദേവദൂതനെപ്പോലെ കടന്നുവരാറുള്ള സൗമ്യനായ ഈ മനുഷ്യൻ പൂന്തുറയിലെത്തുന്നു.

മുസ്‌ലിം സ്ത്രീകൾ ഭീതിയോടെ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നു. അവർക്കു താൽക്കാലികമായി ഭക്ഷണവും മറ്റുമെത്തിക്കാൻ സന്നദ്ധപ്രവർത്തകർ ഓടിനടക്കുകയാണ്. തലേദിവസത്തെ തീവെപ്പിൽ കത്തിയമർന്ന വീടുകളിൽനിന്ന് പുകച്ചുരുളുകൾ കറുത്ത ഭൂതങ്ങളെപ്പോലെ ആകാശത്തേക്കുയരുന്നു. പലയിടത്തും തീ അണഞ്ഞിട്ടില്ല. ഈ സന്ദർഭത്തിലാണ് സാഹചര്യത്തിൻെറ ഗൗരവം മനസ്സിലാക്കി, യാത്ര നിർത്തിവെക്കണമെന്ന പോലീസിൻെറ അഭ്യർത്ഥനപോലും മാനിക്കാതെ ശിഹാബ് തങ്ങൾ കലാപഭൂമിയിലേക്ക് പുറപ്പെട്ടത്. കലാപകാരികൾ കരാള നൃത്തമാടിയ പൂന്തുറയുടെ മണ്ണിലൂടെ തങ്ങളെയും വഹിച്ചുകൊണ്ടുള്ള കാർ പതുക്കെ നീങ്ങി. അക്രമത്തിനിരയായവരെ ആശ്വസിപ്പിക്കാൻ, കലാപത്തിൽ സർവ്വവും നഷ്ടപ്പെട്ട നിരപരാധികൾക്ക് സാന്ത്വനം പകരാൻ. അതിനായിരുന്നു യാത്ര. കലാപഭൂമിയുടെ ദുരന്തമുഖങ്ങൾ ഒന്നൊന്നായി സന്ദർശിച്ച് തങ്ങളുടെ കാർ കടന്നുപൊയ്ക്കൊണ്ടിരുന്നു.

"തലേന്ന് രാത്രി മതഭ്രാന്തന്മാരായ ചില കാപാലികന്മാർ



അഗ്നിക്കിരയാക്കിയ ക്ഷേത്രം ശ്രദ്ധയിൽപ്പെട്ടത് അപ്പോഴാ
അവിടെ ഇറങ്ങിച്ചെന്ന് ആ ആരാധനാലയത്തിൻെറ തകർ
യിൽ സങ്കടപ്പെടുന്ന ഹൈന്ദവസഹോദരന്മാരെ ആശ്വസി
ക്കേണ്ടത് അനിവാര്യമാണെന്ന് തോന്നി. ഞാൻ കാർ നി
ർത്താൻ പറഞ്ഞു...." -തങ്ങളുടെ വാക്കുകൾ.

## ദുഃഖിതർക്കിടയിലെ സ്നേഹദൂതൻ

പൊതുവെ സംഘർഷം കത്തിനിൽക്കുന്ന ആ പ്രദേശ
ഒരു ക്ഷേത്രം കത്തിയമർന്നുനിൽക്കുകയാണ്. ആ സന്ദർ
ത്തിൽ തങ്ങൾ ക്ഷേത്രത്തിലേക്കു കടന്നുചെല്ലുന്നത് കൂടുത
രോഷം ആളിപ്പടരാൻ കാരണമാകുമോ എന്ന് പലരും ഭയ
ട്ടു. കാറിൽനിന്ന് ഇറങ്ങരുതെന്ന് തങ്ങളോടവർ അപേക്ഷിച്ച
പക്ഷേ, തങ്ങൾ കൂട്ടാക്കിയില്ല. ഒറ്റയാനായി തങ്ങൾ ക്ഷേത്രകവ
ടത്തിലേക്കു നടന്നു. ക്ഷേത്രപരിസരത്തുള്ള ഓഫീസിൽ വെള
ബനിയനും കാക്കി നിക്കറുമിട്ട കുറെ ചെറുപ്പക്കാർ ആരോടെ
ക്കെയോ ഉള്ള അടക്കാനാവാത്ത അമർഷവുമായി മുഖാമു
ഖം നോക്കിയിരിക്കുന്നു. തങ്ങളെ കണ്ടപ്പോൾ ഒരുവേള അ
മുഖങ്ങളിൽ രൂക്ഷഭാവം പടർന്നെങ്കിലും പെട്ടെന്നത് ശാന്തമാ
യി. ആരോ പോയി ഒരു കസേര കൊണ്ടുവന്ന് തങ്ങൾക്ക് ഇ
ക്കാൻ കൊടുത്തു. പിന്നീട് ക്ഷേത്ര കമ്മിറ്റി പ്രസിഡണ്ട് വേലായ
ധൻ കലാപത്തിൻെറ ഏകദേശചിത്രം തങ്ങളോട് വിവരിച്ചു.

"ഞങ്ങളുടെ നാട്ടിൽ ഇങ്ങനെയൊരു ദുരിതം വരാ
പാടില്ലായിരുന്നു. പക്ഷേ, ഈ നാട്ടുകാരല്ല കുഴപ്പത്തിനുത്ത
വാദികൾ. പുറത്തുനിന്നു വന്നവരാണ് കലാപമഴിച്ചുവിട്ട
തങ്ങൾ പറഞ്ഞാലേ ജനങ്ങൾ വിശ്വസിക്കൂ. തങ്ങൾ ഇക്കാര്യ
ആളുകളോട് പറയണം. അങ്ങനെ ഈ പ്രദേശത്ത് സമാധാന
കൈവരുത്തണം." -വേലായുധൻ പറഞ്ഞു.

അതുകഴിഞ്ഞ് ക്ഷേത്രഭാരവാഹികളോടൊത്ത് കടലോ
പ്രദേശത്തേക്കായിരുന്നു യാത്ര. കലാപകാരികൾ ചവിട്ടി
തിച്ച ആ കടൽത്തീരത്തുകണ്ട വിവിധ ദൃശ്യങ്ങൾ ഹൃദയഭേദ
മായിരുന്നു. കത്തിയമർന്ന വീടുകൾക്കു മുമ്പിൽ നെടുവീർ
ടുന്ന അമ്മമാർ. നിത്യത്തൊഴിലാളികളായ അവർക്ക് സർ
വും നഷ്ടപ്പെട്ടിരിക്കുന്നു. ദൈന്യതയാർന്ന ആ മുഖങ്ങൾ
ഹൃദയദ്രവീകരണ ശക്തിയുണ്ടായിരുന്നു. കത്തിയമർന്ന കു
ലുകൾക്ക് മുമ്പിലൂടെ തങ്ങൾ നടന്നുവരുന്നതുകണ്ട് ഒ
സ്ത്രീ ഓടിവന്നു: "തങ്ങളേ, ശ്രദ്ധിച്ചുനടക്കണം. നൈലോ
വല കത്തികിടക്കുകയാണ്, കാൽപൊള്ളും."

"വല്ലാത്തൊരു അനുഭവമായിരുന്നു അത്." -തങ്ങൾ ഓ
ക്കുന്നു. "ഒരു വർഗ്ഗീയ കലാപത്തിൽ സകലതും നഷ്ടപ്പെട്ട മ
സ്യത്തൊഴിലാളികൾ. വർഷങ്ങളുടെ അത്യധ്വാനത്തിലൂ
തങ്ങൾ നേടിയെടുത്തതെല്ലാം ഒരൊറ്റ രാത്രികൊണ്ട് നഷ്ടപ്പെ
ടുമ്പോഴുണ്ടാകുന്ന കനത്ത വേദന. എന്നാൽ താങ്ങാന
വാത്ത ആ ദുഃഖഭാരത്തിനിടയിലും മറ്റൊരാൾക്കു വേദനിക്കു
ന്നത് സഹിക്കാനാവാത്ത സ്നേഹസമ്പന്നർ. നിഷ്കളങ്കരാ
കടലിൻെറ മക്കൾ. അവരുടെ ദുഃഖങ്ങൾ പങ്കിടാൻ, അവർ
സാന്ത്വനം പകരാൻ പൂന്തുറയിലൂടെ കടന്നുപോയ നിമി
ങ്ങൾ മനസ്സിൽനിന്ന് ഒരിയ്ക്കലും മായുമെന്നു തോന്നുന്നില്ല

## ആത്മധൈര്യത്തിൻെറ പ്രതീകം

നായനാർ സർക്കാറിൻെറ ഭരണകാലം. നാദാപുരത്ത
ൻെറ മണ്ണിൽ വർഗ്ഗീയകലാപമഴിഞ്ഞാടിയ ദിനങ്ങൾ. വാരിയം
ണ്ടി കുഞ്ഞമ്മദാജിയെന്ന പാവം മനുഷ്യനെ അക്രമികൾ വെ
നുറുക്കി. നാദാപുരത്തെങ്ങും പോലീസിൻെറ നിരോധനാ
ഞ. കുഞ്ഞമ്മദാജിയുടെ മയ്യിത്ത് വിലാപയാത്രയായി നാദാപു
രത്തേക്കു കൊണ്ടുപോകുന്നതിനു വിലക്ക്. സൗമ്യനായ ഈ
മനുഷ്യൻെറ ആത്മധൈര്യം അന്ന് കേരളരാഷ്ട്രീയം ഒരി

ക്കൽ കൂടി കണ്ടു. നിരോധനാജ്ഞ നിലനിൽക്കുന്ന കലാപഭൂമിയിലൂടെ പോലീസിൻെറ നീട്ടിപ്പിടിച്ച തോക്കുകൾക്കും ബയണറ്റുകൾക്കും മുമ്പിലൂടെ കുഞ്ഞമ്മദാജിയുടെ മയ്യത്തുമായി വിലാപയാത്ര നയിച്ചത് ഇദ്ദേഹമായിരുന്നു. ആ വിലാപയാത്ര പക്ഷേ നാദാപുരത്തിൻെറ മണ്ണിൽ അനിഷ്ടസംഭവങ്ങളേതുമുണ്ടാക്കിയില്ല. മറിച്ച് അത് സമാധാനത്തിൻെറ സന്ദേശജാഥയായി മാറുകയായിരുന്നു. കാരണം അതിനു നേതൃത്വം നൽകിയത് നിത്യവിശുദ്ധിയുടെ നിത്യവിസ്മയമായ ഈ മനുഷ്യനായിരുന്നു എന്നതുതന്നെ.

ഇറാക്ക് യുദ്ധം കൊടുമ്പിരിക്കൊണ്ട സമയം. ശിഹാബ് തങ്ങളുടെ മകളും മരുമകനും യുദ്ധഭൂമിയിൽ കുടുങ്ങിപ്പോയിരിക്കുന്നു. കുവൈറ്റ് ഗവർമ്മെണ്ടിൻെറ ഇൻഫർമേഷൻ സെൻററിലെ ഉദ്യോഗസ്ഥനാണ് തങ്ങളുടെ മരുമകൻ. മകളെയും മരുമകനെയും തിരിച്ചുകൊണ്ടുവരാൻ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ എന്നറിയാൻ പത്രക്കാർ ശിഹാബ് തങ്ങളെ സമീപിക്കുന്നു. 'ലക്ഷക്കണക്കിനാളുകൾ ആ ദുരന്തഭൂമിയിലുണ്ട്. അവരൊക്കെ രക്ഷപ്പെടുകയാണെങ്കിൽ എൻെറ മകളും മരുമകനും രക്ഷപ്പെടും. അല്ലാതെ അവരെ മാത്രമായി രക്ഷപ്പെടുത്താൻ ഞാൻ ഒരേർപ്പാടും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.' അക്ഷോഭ്യനായ തങ്ങളുടെ മറുപടി. ഒരുപക്ഷേ, തങ്ങൾ വിചാരിച്ചിരുന്നുവെങ്കിൽ അവരെ മാത്രമായി തിരിച്ചുകൊണ്ടുവരാമായിരുന്നു എന്നതാണ് സത്യം.

## പക്ഷിക്കൂടും അക്വേറിയവും

പക്ഷി വളർത്തലിലും തങ്ങൾക്ക് താൽപര്യം തന്നെയായിരുന്നു. കൊടപ്പനക്കൽ വീട്ടിലെ പക്ഷിക്കൂട്ടിൽ അപൂർവ്വങ്ങളായ പക്ഷികളുണ്ടായിരുന്നു. അവർക്ക് ഭക്ഷണം കൊടുക്കാനും അവയോട് സല്ലപിക്കാനുമൊക്കെ തിരക്കിനിടയിലും തങ്ങൾ സമയം കണ്ടെത്തിയിരുന്നു. പക്ഷേ, അസുഖം വന്ന് കിളികളെല്ലാം ചത്തുപോയി. ഇപ്പോൾ കിളിക്കൂട് ശൂന്യം. 'ഇനി പക്ഷികളെ വളർത്താൻ പരിപാടിയില്ല. ആ പാപം കാണാൻ വയ്യ.' -തങ്ങളുടെ വാക്കുകൾ. ഭംഗിയാർന്ന അപൂർവ്വമത്സ്യങ്ങളുള്ള നല്ലൊരു അക്വേറിയമുണ്ട് ഈ വീട്ടിൽ. ഇപ്പോൾ അവയോടാണ് സല്ലാപം. പക്ഷി മൃഗാദികളോടുള്ള തങ്ങളുടെ വാത്സല്യത്തിന് നിരവധി ഉദാഹരണങ്ങൾ. വയനാട് ഭാഗത്തേക്കുള്ള യാത്രകൾക്കിടയിൽ അടിവാരത്ത് കാർ നിർത്തി അദ്ദേഹം ഒന്നോ രണ്ടോ കിലോ പഴം വാങ്ങി വെക്കുന്നു. ചുരം കയറിപ്പോകുമ്പോൾ വീഥിക്കിരുവശവും വന്ന് പല്ലിളിക്കുന്ന കുരങ്ങന്മാർക്ക് പഴം എറിഞ്ഞുകൊടുക്കുന്നു. എറിയുന്ന പഴം പിടിച്ചെടുത്ത് തിന്നുന്ന കുരങ്ങുകളുടെ ഭാവഹാവാദികൾ നോക്കിയിരിക്കാൻ രസമാണ്.


കൗതുകമുണർത്തുന്ന സ്ഥലങ്ങളും ചരിത്രഭൂമികളുമൊക്കെ ചുറ്റിനടന്നു കാണാൻ ശിഹാബ് തങ്ങൾക്കിഷ്ടമാണ്. ഹൈറേഞ്ചിലും പൊന്മുടിയിലും നീലക്കുറിഞ്ഞികൾ പൂവിടുമ്പോൾ അവയുടെ വശ്യഭംഗി നുകരാൻ തങ്ങളെത്താറുണ്ട്. ഡൽഹി സന്ദർശന വേളകളിൽ അതിരാവിലെ എഴുന്നേറ്റ് ശൂന്യമായ വീഥികളിലൂടെ ഏകനായി നടക്കാറുണ്ട്. ഈയിടെ ഗവർമ്മെണ്ടിൻെറ അതിഥിയായി അബൂദാബി സന്ദർശനത്തിനു പോയപ്പോഴുണ്ടായ രസകരമായ ഒരനുഭവമിതാ. താമസിക്കുന്ന ഹോട്ടലിനു മുന്നിൽ തങ്ങളുടെ സുരക്ഷിതത്വത്തിനായി കാവലിനേർപ്പെടുത്തിയ കരിമ്പൂച്ചകളുടെ കണ്ണുവെട്ടിച്ച് തങ്ങൾ പതുക്കെയൊന്നു 'മുങ്ങി'. കൂടെ യൂത്ത്ലീഗ് സംസ്ഥാന ട്രഷറർ അബ്ദുറഹ്മാൻ രണ്ടത്താണിയുമുണ്ട്. അബൂദാബിയിലെ സൂപ്പർ മാർക്കറ്റും മറ്റും ചുറ്റിനടന്നു കണ്ട് മണിക്കൂറുകൾക്കുശേഷം തിരിച്ചെത്തിയത് പക്ഷേ, കാവൽനിന്ന കരിമ്പൂച്ചകളറിഞ്ഞില്ല.

## സൽക്കാരപ്രിയൻ

അതിഥി സൽക്കാരപ്രിയനാണ് ശിഹാബ് തങ്ങൾ. പിതാവായ പൂക്കോയ തങ്ങളിൽനിന്ന് പകർന്നുകിട്ടിയ സ്വഭാവഗുണങ്ങളിലൊന്ന്. യാത്രാവേളകളിൽപോലും അതിഥി സൽക്കാരത്തിൽ തൽപരൻ. യാത്രാവേളകളിൽ കൂടെക്കൊണ്ടുപോകുന്ന സ്യൂട്ട്കേസിൽ കേക്കോ മധുരപലഹാരങ്ങളോ എന്തെങ്കിലും കാണും.

## പുസ്തക പ്രേമി

തിരക്കിനിടയിലും പുസ്തകവായനക്ക് തങ്ങൾ സമയം കണ്ടെത്താറുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും അറബിയിലുമുള്ള മികച്ച പുസ്തകങ്ങളുടെ വമ്പിച്ചൊരു ശേഖരംതന്നെ തങ്ങളുടെ കയ്യിലുണ്ട്. The Arab Ecbnomy, Glory of Iqubal, Arm and Security in the Persian Gulf, Religion of Islam.... ലൈബ്രറിയിലെ പുസ്തകങ്ങളുടെ പട്ടിക നീളുന്നു. അറബി സാഹിത്യത്തിൻെറ അക്ഷയഖനി തന്നെയാണ് ശിഹാബ് തങ്ങളുടെ പുസ്തകശേഖരം. വിവിധ രാഷ്ട്രങ്ങളേയും സംസ്കാരങ്ങളേയും പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ വേറെയും. കൂട്ടത്തിൽ കെ.ആർ. നാരാണയൻെറ India and America. കാറിലും ട്രെയിനിലുമൊക്കെ യാത്ര ചെയ്യുമ്പോൾ കൂടെ പുസ്തകങ്ങൾ കരുതാറുണ്ട്. നല്ലൊരു എഴുത്തുകാരൻ കൂടിയാണ് ശിഹാബ് തങ്ങൾ. അൽഅസ്ഹറിൽ പഠിക്കുന്ന കാലത്തുതന്നെ 'ചന്ദ്രിക'യിലും മാതൃഭൂമിയിലുമൊക്കെ മിഡിൽ ഈസ്റ്റിനെക്കുറിച്ചുള്ള ലേഖനങ്ങൾ അദ്ദേഹമെഴുതിയിരുന്നു. എന്നാൽ ശിഹാബ് തങ്ങൾ നല്ലൊരു കവികൂടിയാണെന്ന സത്യം ഒരുപക്ഷേ, പലർക്കും അജ്ഞാതമായിരിക്കും. അറബി പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി മുഹമ്മദലി ശിഹാബ് എന്ന പേരിൽ കവിതകളെഴുതാറുണ്ടദ്ദേഹം.



## സഞ്ചാരിയുടെ മനസ്സ്

യാത്രകൾ ശിഹാബ് തങ്ങൾക്ക് ഇഷ്ടമാണ്. പ്രത്യേകിച്ച് ദീർഘയാത്രകൾ. തിരക്കിൻെറ ലോകത്തിലെ മാനസിക പിരിമുറുക്കങ്ങൾക്ക് ആശ്വാസം ലഭിക്കുന്നത് ഒരുപക്ഷേ, ഈ യാത്രകളിലാവാം. യു.എ.ഇ, സൗദി അറേബ്യ, ഈജിപ്ത് തുടങ്ങി മിക്ക അറബ് രാഷ്ട്രങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഖത്തർ സന്ദർശനം കഴിഞ്ഞ് ഈയിടെ തിരിച്ചെത്തിയതേയുള്ളു. യാത്രാവേളകളിൽ അതാതു സ്ഥലങ്ങളിലെ ചരിത്രഭൂമികൾ സന്ദർശിക്കാൻ തങ്ങൾക്കു താൽപര്യമാണ്. മസ്ക്കറ്റ് സന്ദർശനവേളയിൽ സലാല-യമൻ അതിർത്തിയിലെ വിജനമായ കുന്നിൻമുകളിൽ അയ്യൂബ് നബിയുടെ ഖബറിടവും അവിടത്തെ പുരാതനമായ ആരാധനാലയവും സന്ദർശിച്ചത് മറക്കാനാവാത്ത അനുഭവമായി തങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുന്നു. ബൈത്തുൽ മുഖദ്ദസിനു നേരെയാണ് ആ പള്ളിയുടെ മിഹ്റാബ്. ആ കുന്നിൻപ്രദേശത്തു താമസിക്കുന്ന ബദവികൾക്ക് നാഗരികഭാഷ അറിയില്ല. പ്രാകൃതഭാഷയിലാണ് സംസാരം. ആ സാംസ്കാരികത്ത

(ശേഷം 44-ാം പേജിൽ)